REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 14-07-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- മുംബൈയിലെ ഗോരേഗാവ് നഗരപ്രാന്തത്തിൽ റോഡ്, റെയിൽവേ, തുറമുഖ മേഖലകളിലായി 29,000 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കമിട്ടു.
- തിരുവനന്തപുരം തമ്പാനൂർ റെയിൽവേ സ്റ്റേഷനു സമീപം ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യം നീക്കുന്നതിനിടെ കാണാതായ ശുചീകരണ തൊഴിലാളിയ്ക്കായി തിരച്ചിൽ തുടരുന്നു.
- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- യൂറോ കപ്പ് ഫുട്ബോൾ ഫൈനലിൽ ഇന്ന് സ്പെയിനും ഇംഗ്ലണ്ടും ഏറ്റുമുട്ടും.
- അഞ്ച് മത്സര T-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് സിംബാബ്‌വെയെ നേരിടും.

## വാർത്തകൾ വിശദമായി

മുംബൈയിലെ ഗോരേഗാവ് നഗരപ്രാന്തത്തിൽ റോഡ്, റെയിൽവേ, തുറമുഖ മേഖലകളിലായി 29,000 കോടി രൂപയുടെ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിച്ചു. 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന

ദഹാനുവിലെ 76,000 കോടി രൂപയുടെ വധ്-വാൻ തുറമുഖത്തിന്  കേന്ദ്രം അനുമതി നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ നാല് വർഷം കൊണ്ട് എട്ട് കോടി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്, തൊഴിലില്ലായ്മയെക്കുറിച്ച് കള്ളക്കഥകൾ പ്രചരിപ്പിക്കുന്നവരെ, നിശബ്ദരാക്കിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. വ്യാജ പ്രചാരണം നടത്തുന്നവർ അടിസ്ഥാന സൗകര്യ വികസനത്തിന്റെയും രാജ്യത്തിന്റെ വളർച്ചയുടെയും നിക്ഷേപത്തിന്റെയും ശത്രുക്കളാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പൗര സൗഹൃദ സംരഭങ്ങൾ നടപ്പാക്കുന്നതിൽ മാധ്യമങ്ങൾ ഗവൺമെന്റിനെ പിന്തുണയ്ക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. “അമ്മയുടെ പേരിൽ ഒരു മരം” എന്ന  പരിസ്ഥിതി സംരക്ഷണ പരിപാടിയ്ക്ക് ആഗോള തലത്തിൽ വൻ സ്വീകാര്യത ലഭിച്ചിട്ടുണ്ടെന്നും അത് ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ മാധ്യമങ്ങൾക്ക് വളരെയേറെ സഹായിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി. ജനങ്ങളെ സ്വന്തം ശക്തിയെക്കുറിച്ച് ബോധ്യപ്പെടുത്താൻ മാധ്യമങ്ങൾക്ക് കഴിയും. വികസിത ഭാരത ലക്ഷ്യത്തോടെ അടുത്ത 25 വർഷത്തെ യാത്രയിൽ പത്രങ്ങൾക്കും മാസികകൾക്കും നിർണായക പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മുംബൈയിൽ ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി ടവേഴ്സ്, ബാന്ദ്ര - കുർള സമുച്ചയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. മാധ്യമ സ്ഥാപനങ്ങൾ രാജ്യാന്തര ഭാഷയിലൂടെ ഡിജിറ്റൽ എഡിഷനുകൾ പ്രസിദ്ധീകരിച്ച് ഇന്ത്യയുടെ ലക്ഷ്യങ്ങൾ ആഗോള തലത്തിലേക്ക് കൊണ്ടുവരണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

വർദ്ധിച്ചുവരുന്ന സൈബർ ആക്രമണങ്ങൾ ചെറുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന, സുസജ്ജ  സൈബർ സുരക്ഷാ സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അഭിപ്രായപ്പെട്ടു. സുരക്ഷിതമായ ഡിജിറ്റൽ അന്തരീക്ഷം, നവീകരണത്തെ പ്രോത്സാഹിപ്പിക്കുകയും, നിക്ഷേപങ്ങൾ ആകർഷിക്കുകയും സാമ്പത്തിക പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുമെന്ന് അദ്ദേഹം  പറഞ്ഞു. ന്യൂ ഡൽഹിയിൽ ഗ്ലോബൽ കൗണ്ടർ ടെറ-റിസം കൗൺസിൽ സംഘടിപ്പിച്ച മൂന്നാമത് സൈബർ സെക്യൂരിറ്റി

കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്ക്, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ, നിയമസഹായം നൽകേണ്ടതിന്റെ ആവശ്യകതയും ഉപരാഷ്ട്രപതി ഓർമ്മിപ്പിച്ചു. രാജ്യത്ത് ഡിജിറ്റൽ നുഴഞ്ഞുകയറ്റം വർധിക്കുന്നതായും അതിനെ നേരിടാൻ സാങ്കേതികവും മാനുഷികവുമായ വൈദഗ്ധ്യം വികസിപ്പിക്കണമെന്നും ഉപരാഷ്ട്രപതി, ആവശ്യപ്പെട്ടു.

✪✪✪

ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർക്ക് കേന്ദ്രഗവണ്മെന്റ് കൂടുതൽ അധികാരം നൽകി. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ജമ്മു കശ്മീർ പുനഃസംഘടന നിയമം 2019 ഭേദഗതി ചെയ്താണ് ലഫ്റ്റനന്റ് ഗവർണറുടെ അധികാരം വർദ്ധിപ്പിച്ചത്. അഖിലേന്ത്യാ സർവീസ് ഓഫീസർമാരുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ജുഡീഷ്യൽ ഓഫീസർമാരുടെയും നിയമനം, സ്ഥലമാറ്റം എന്നിവയിൽ ഇതോടെ ലഫ്റ്റനന്റ് ഗവർണർക്ക് കൂടുതൽ അധികാരം ലഭിക്കും.

✪✪✪

മധ്യപ്രദേശിലെ 55 ജില്ലകളിലും പ്രൈം മിനിസ്റ്റർ കോളജ് ഓഫ് എക്സലൻസ് പ്രവർത്തനമാരംഭിക്കും. ഇൻഡോറിലെ ഉദ്ഘാടന ചടങ്ങിൽ ആഭ്യന്തര മന്ത്രി അമിത്ഷാ പങ്കെടുക്കും.

✪✪✪

ഫ്രഞ്ച് റിപ്പബ്ലിക്കിന്റെ 235-ാമത് ദേശീയ ദിനം പുതുച്ചേരിയിൽ ആഘോഷിച്ചു. ബീച്ച് റോഡിലെ യുദ്ധസ്മാരകത്തിലെ പുഷ്പാർച്ചനയിൽ ഫ്രാൻസ് കോൺസൽ ജനറൽ, ലിസി തൽബോട്ട് ബാരെ, ജില്ലാ കലക്ടർ A.കുലോത്തുംഗൻ എന്നിവർ പങ്കെടുത്തു. ഇന്ത്യയുടെയും ഫ്രാൻസിന്റെയും ദേശീയ പതാകകൾ ഉയർത്തി, ഇരു രാജ്യങ്ങളുടെയും ദേശീയ ഗാനം ആലപിച്ചു.

✪✪✪

മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനു നേർക്കുണ്ടായ ആക്രമണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്കണ്ഠ രേഖപ്പെടുത്തി. സംഭവത്തെ ശക്തമായി അപലപിക്കുന്നതായി മോദി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. രാഷ്ട്രീയത്തിലും ജനാധിപത്യത്തിലും

അക്രമത്തിന് സ്ഥാനമില്ലെന്നു പറഞ്ഞ മോദി ട്രംപ് വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് ആശംസിച്ചു.

പെൻസിൽവാനിയയിലെ ബട്‌ലറിൽ റാലിക്കിടെയാണ് ഇന്നലെ രാത്രി ട്രംപിന് നേരെ വെടിവെപ്പുണ്ടായത്. അക്രമിയെ സുരക്ഷാസേന വെടിവെച്ചു കൊന്നതായി റിപ്പോർട്ടുണ്ട്. ട്രംപ് സുരക്ഷിതനാണെന്ന് രഹസ്യാന്വേഷണ വിഭാഗം അറിയിച്ചു. പ്രസിഡന്റ് ജോ ബൈഡൻ അക്രമത്തെ അപലപിച്ചു.

✪✪✪

വിഴിഞ്ഞം തുറമുഖത്ത് ആദ്യമെത്തിയ മദർഷിപ്പിന്റെ മടക്കയാത്ര വീണ്ടും മാറ്റി. ഇപ്പോഴത്തെ തീരുമാനമനുസരിച്ച് സാൻ ഫെർണാൻഡോ നാളെ തിരിച്ചുപോകും. തുറമുഖ പരിധിയിൽ നങ്കൂരമിട്ട ഫീഡർ കപ്പൽ മറീൻ അസർ, മദർഷിപ്പ് പോയ ശേഷം ബെർത്തിൽ എത്തും.

✪✪✪

PSC കോഴ വിവാദത്തിൽ, സംസ്ഥാന പൊലീസ് മേധാവിക്ക് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ പരാതി നൽകി. വിഷയം CPIM പാർട്ടി പ്രശ്നമായി ഒതുക്കി തീർക്കാൻ ശ്രമിക്കുന്നത് നിയമവിരുദ്ധ നടപടിയാണെന്നും അദ്ദേഹം കോഴിക്കോട്ട് കുറ്റപ്പെടുത്തി. ഈ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യാത്തതും, അന്വേഷണം നടത്താത്തതും വിവാദം ഒത്തുതീർക്കാൻ നടത്തുന്ന ശ്രമമാണെന്നും സുരേന്ദ്രൻ പറഞ്ഞു. വിവാദത്തിൽ BJP യുടെ പേര് വലിച്ചിഴയ്ക്കുന്നത് CPIM അജണ്ടയാണെന്നും K.സുരേന്ദ്രൻ പറഞ്ഞു.

✪✪✪

തിരുവനന്തപുരം തമ്പാനൂർ റെയിൽവേ സ്റ്റേഷനു സമീപം ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യം നീക്കുന്നതിനിടെ കാണാതായ ശുചീകരണ തൊഴിലാളിയ്ക്കായി തിരച്ചിൽ തുടരുന്നു. ഇന്നലെ രാവിലെ പതിനൊന്നു മണിയോടെ ഒഴുക്കിൽപെട്ട് കാണാതായ കരാർ തൊഴിലാളി ജോയിയ്ക്കു വേണ്ടി NDRF, ഫയർ ആൻറ് റസ്ക്യു - സ്കൂബാ ടീം ഉൾപ്പെടെ വിവിധ വകുപ്പുകൾ സംയുക്തമായി ഊർജ്ജിത തെരച്ചിൽ നടത്തുകയാണ്.

രക്ഷാ പ്രവർത്തനം നടക്കുന്ന മാൻഹോളിൽ മാലിന്യം കുമിഞ്ഞുകൂടിക്കിടക്കുന്നത് തടസ്സം സൃഷ്ടിക്കുന്നുണ്ടെങ്കിലും റോബോട്ടുകളുടെയടക്കം സഹായത്തോടെ സാധ്യമായ എല്ലാ രീതിയിലും തിരച്ചിൽ തുടരുകയാണ്. രക്ഷാപ്രവർത്തനം

നടത്തുന്നവർക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിന് പ്രത്യേക മെഡിക്കൽ സംഘത്തെ നിയോഗിച്ചു. മന്ത്രി വീണാ ജോർജിന്റെ നിർദേശാനുസരണമാണ് തീരുമാനം.

ഓക്സിജൻ സപ്പോർട്ട്, ബേസിക് ലൈഫ് സപ്പോർട്ട് തുടങ്ങിയ സംവിധാനങ്ങളോടെ ആംബുലൻസുകളും സജ്ജമാക്കിയിട്ടുണ്ട്. വെള്ളത്തിലിറങ്ങുന്നവർക്ക് ഡോക്സിസൈക്ലിൻ ഉൾപ്പെടെ പ്രതിരോധ മരുന്നുകളും നൽകി. രക്ഷാപ്രവർത്തനത്തിനിടെ എന്തെങ്കിലും ബുദ്ധിമുട്ട് നേരിട്ടാൽ വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളജിലെ എമർജൻസി മെഡിസിൻ വിഭാഗത്തിൽ പ്രത്യേക ക്രമീകരണവും ഏർപ്പെടുത്തി.

തോട്ടിൽ ഒഴുക്കിൽപ്പെട്ട് കാണാതായ തൊഴിലാളിയെ കണ്ടെത്താൻ സാധ്യമായ എല്ലാം ചെയ്യുന്നുണ്ടെന്ന് മന്ത്രി V.ശിവൻകുട്ടി പറഞ്ഞു. രക്ഷാപ്രവർത്തനം വിലയിരുത്താൻ തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ കോഴിക്കോട് ജില്ലയിലെ വിവിധ പരിപാടികളിൽ ഇന്ന് പങ്കെടുക്കുന്നു. മാറാട് സന്ദർശിക്കുന്ന കേന്ദ്രസഹമന്ത്രി BJP ജില്ലാ കമ്മറ്റിയുടെ സ്വീകരണ യോഗത്തിലും പങ്കെടുക്കും. വൈകീട്ട് പുതിയാപ്പയിൽ മത്സ്യ പ്രവർത്തക സംഗമത്തിലും ജന്മഭൂമി ദിനപത്രത്തിന്റെ അൻപതാം വാർഷികാഘോഷത്തിന്റെ ഭാഗമായ 'Fire side Chat with Sri George Kurian' പരിപാടിയിലും സംബന്ധിക്കും.

✪✪✪

യൂറോ കപ്പ് ഫുട്ബോൾ ഫൈനലിൽ ഇന്ന് സ്പെയിനും ഇംഗ്ലണ്ടും ഏറ്റുമുട്ടും. ബെർലിനിലെ ഒളിമ്പിക് സ്റ്റേഡിയത്തിൽ രാത്രി 12.30 നാണു മത്സരം. നാലാം കിരീടം ലക്ഷ്യമിട്ടാണ് സ്പെയിൻ കളത്തിലിറങ്ങുന്നതെങ്കിൽ കഴിഞ്ഞ തവണ നഷ്ടമായ കിരീടം സ്വന്തമാക്കാനാണ് ഇംഗ്ലണ്ട് മത്സരിക്കുന്നത്.

✪✪✪

വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ നിലവിലെ ചാമ്പ്യൻ കാർലോസ് അൽകാരസ്, മുൻ ചാമ്പ്യൻ നൊവാക് ജോകോവിച്ചിനെ നേരിടും.

വനിതാ കിരീടം ചെക് താരം ബാർബൊറ ക്രജികോവ-ക്കാണ്. ഇറ്റലിയുടെ ജാസ്മിൻ പൗളീനിയെയാണ് ബാർബൊറ ഫൈനലിൽ തോൽപ്പിച്ചത്.

✪✪✪

അഞ്ച് മത്സര T-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് സിംബാബ്‌വെയെ നേരിടും. ഹരാരെ സ്പോർട്സ് ക്ലബ്ബിൽ ഇന്ത്യൻ സമയം വൈകിട്ട് അഞ്ചരയ്ക്കാണ് മത്സരം. ഒന്നിനെതിരെ മൂന്ന് വിജയം നേടി പരമ്പര ഇതിനകം ഇന്ത്യ സ്വന്തമാക്കിയിട്ടുണ്ട്.

ഇന്നലെ നാലാം മത്സരത്തിൽ പത്ത് വിക്കറ്റിന് സിംബാബ്‌വെയെ തകർത്താണ് ഇന്ത്യ ആധികാരിക വിജയം നേടിയത്.

✪✪✪

വൈദ്യുതീകരണം പൂർത്തിയാക്കിയ പുനലൂർ - ചെങ്കോട്ട റെയിൽപാതയിൽ ഇലക്ട്രിക് എൻജിൻ പരീക്ഷണഓട്ടം നടത്തി. കേരളത്തെയും തമിഴ്നാടിനെയും ബന്ധിപ്പിക്കുന്ന ഈ പാതയിൽ രണ്ടാം തവണയാണ് പരീക്ഷണ ഓട്ടം നടത്തുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി നീരജ് ലാൽ.

...............(വോയ്സ്)................

✪✪✪

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശവുമുണ്ട്.

✪✪✪

സംസ്ഥാനത്ത് ലക്ഷക്കണക്കിന് ആളുകളെ ബാധിച്ച പകർച്ചപ്പനി ഗവൺമെന്റ് സൃഷ്ടിയാണെന്ന് കോൺഗ്രസ് നേതാവ് ചെറിയാൻ ഫിലിപ്പ് കുറ്റപ്പെടുത്തി. തദ്ദേശ സ്ഥാപനങ്ങൾ മഴക്കാല പൂർവ്വ ശുചീകരണം ഫലപ്രദമായി നടത്താത്തതാണ് പകർച്ചപ്പനി വ്യാപനത്തിന് കാരണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത്

**ആരോപിച്ചു. ഗവൺമെന്റ് ആശുപത്രികളിൽ മരുന്നുകൾ ലഭ്യമല്ലെന്നും ആർദ്രം മിഷൻ തകർന്നതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്തംഭവനാവസ്ഥയിലാണെന്നും ചെറിയാൻ ഫിലിപ്പ് പറഞ്ഞു.**

✪✪✪

**രജിസ്ട്രേഷൻ വകുപ്പിൽ ആധാര രജിസ്ട്രേഷൻ ഉൾപ്പെടെ സേവനങ്ങൾക്കായി ഉപയോഗിക്കുന്ന perl . registration വെബ് പോർട്ടൽ ഈ മാസം 16 വരെ പ്രവർത്തിക്കില്ലെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചു. നാളെ സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെ സേവനങ്ങൾ തടസ്സപ്പെടും.**

✪✪✪

**കേരളത്തിലെ ആദ്യ അനിമൽ ആംബുലൻസ് സർവീസ് കണ്ണൂരിൽ പ്രവർത്തനം ആരംഭിച്ചു. പഗ്ഗ് മാർക്ക് വൈൽഡ് ലൈഫ് ആൻഡ് റെസ്ക്യൂ ഫോഴ്സ് ആരംഭിച്ച സർവീസ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഫ്ലാഗ് ഓഫ് ചെയ്തു.**

✪✪✪